പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം നമ്പർ 199 | 06/12/2018 ൽ<br>മറുപടിക്ക് |
|---|---|

## സിമന്റ് വിപണിയിലെ സർക്കാർ ഇടപെടൽ

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന് ഉയർന്ന വില നൽകേണ്ടി വരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് സിമന്റിന്റെ വില ക്രമാതീതമായി ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റിന്റെ വില മറ്റ് സമാന ബ്രാൻഡുകളേക്കാൾ താരതമ്യേന കുറവാണ്. മറ്റു സമാന ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിമന്റ്സിന്റെ MRP 400 രൂപയാണ്. |
| ബി) | സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | നവീകരണ വിപുലീകരണ പദ്ധതികളിലൂടെ മലബാർ സിമന്റ്സിന്റെ ഉൽപ്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22.11.2018 ന് വിളിച്ചു ചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗം 29.7.2016 നും 10.05.2017 നും വിളിച്ച് ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കത്തക്ക രീതിയിലാണ് മലബാർ സിമന്റിന്റെ വില നിശ്ചയിച്ചുവരുന്നത്. "ലൈഫ് മിഷൻ" പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13.9.2017 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ